## കുവൈത്തിലേക്കുള്ള സന്ദർശനത്തിന് മുന്നോടിയായി പ്രധാനമന്ത്രിയുടെ പുറപ്പെടൽ പ്രസ്താവന

ഡിസംബർ 21, 2024

കുവൈത്ത് അമീർ ഷെയ്ഖ് മെഷാൽ അൽ-അഹമ്മദ് അൽ-ജാബർ അൽ-സബാഹിന്റെ ക്ഷണപ്രകാരമാണ് ഞാൻ രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് പുറപ്പെടുന്നത്.

തലമുറകളിലൂടെ വളർത്തിയെടുത്ത കുവൈറ്റുമായുള്ള ചരിത്രപരമായ ബന്ധത്തെ ഞങ്ങൾ ആഴത്തിൽ വിലമതിക്കുന്നു. ഞങ്ങൾ ശക്തരായ വ്യാപാര-ഊർജ്ജ പങ്കാളികൾ മാത്രമല്ല, പശ്ചിമേഷ്യയിലെ സമാധാനം, സുരക്ഷ, സ്ഥിരത സമൃദ്ധി എന്നിവയിൽ പൊതു താൽപ്പര്യം പങ്കിടുന്നവരുമാണ്.

കുവൈത്തിന്റെ കിരീടാവകാശിയും കൂടിയായ പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ചകൾക്കായി ഞാൻ കാത്തിരിക്കുകയാണ്.  നമ്മുടെ ജനങ്ങൾക്കും ദേശത്തിനും പ്രയോജനകരമായ ഭാവി പങ്കാളിത്തത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കാനുള്ള ഒരു അവസരമാകും ഇത്.

ഇരു രാജ്യങ്ങളും തമ്മിലുള്ള സൗഹൃദബന്ധം ദൃഢമാക്കുന്നതിന് വളരെയധികം സംഭാവന നൽകിയ കുവൈത്തിലെ ഇന്ത്യൻ പ്രവാസികളെ കാണാൻ ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്.

ഗൾഫ് മേഖലയിലെ പ്രമുഖ കായിക ഇനമായ അറേബ്യൻ ഗൾഫ് കപ്പിന്റെ ഉദ്ഘാടന ചടങ്ങിലേക്ക് എന്നെ ക്ഷണിച്ചതിന് കുവൈത്ത് നേതൃത്വത്തിന് ഞാൻ പ്രത്യേക നന്ദി അറിയിക്കുന്നു.  കായിക മികവിന്റെയും പ്രാദേശിക ഐക്യത്തിന്റെയും ഈ ആഘോഷത്തിൽ ഭാഗമാകാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ സന്ദർശനം ഇന്ത്യയിലെയും കുവൈത്തിലെയും ജനങ്ങൾ തമ്മിലുള്ള പ്രത്യേക ബന്ധങ്ങളും സൗഹൃദവും കൂടുതൽ ശക്തിപ്പെടുത്തുമെന്നും ദൃഢമാക്കുമെന്നും എനിക്ക് ആത്മവിശ്വാസമുണ്ട്.

ന്യൂഡൽഹി

ഡിസംബർ 21, 2024